**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4198

21/07/2015-ൽ മറുപടിയ്ക്ക്

**ജൈവകൃഷി ഉല്പന്നങ്ങളുടെ ശേഖരണം**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. കെ.എം. ഷാജി<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. എം. ഉമ്മർ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ പച്ചക്കറി ഉപഭോക്താക്കൾ ഭക്ഷ്യാവശ്യത്തിന് വിഷലിപ്തമായ അന്യസംസ്ഥാന വിഭവങ്ങളെത്തന്നെ കൂടുതലായി ആശ്രയിക്കേണ്ട അവസ്ഥ ഇപ്പോഴും നിലനിൽക്കുന്ന കാര്യം ഗൗരവപൂർവ്വം പരിഗണിച്ചിട്ടുണ്ടോ; | എ) പരിഗണിച്ചിട്ടുണ്ട്. |
| ബി) സംസ്ഥാനത്ത് ജൈവരീതിയിൽ മാത്രം കൃഷി നടത്തുന്ന കർഷകരുടെ വിവരശേഖരണം കൃഷി ഭവൻ മുഖേന നടത്തിയിട്ടുണ്ടോ; അക്കാര്യത്തിൽ കൃഷി ഭവന്റെ മേൽനോട്ടം ഉറപ്പുവരുത്തിയിട്ടുണ്ടോ; | ബി) സംസ്ഥാനത്ത് ജൈവരീതിയിൽ മാത്രം കൃഷി നടത്തുന്ന കർഷകരുടെ വിവരശേഖരണം കൃഷിഭവൻ മുഖേന ആരംഭിച്ചു. ഇക്കാര്യത്തിൽ കൃഷിഭവന്റെ മേൽനോട്ടം ഉറപ്പുവരുത്തിയിട്ടുണ്ട്. |
| സി) ജൈവരീതിയിൽ മാത്രം ഉല്പാദിപ്പിക്കപ്പെടുന്ന ഭക്ഷ്യവിഭവങ്ങൾ, ഉറവിടങ്ങളിൽ നിന്നും ന്യായവില നൽകി ശേഖരിക്കാൻ സർക്കാർ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും, അത്തരം കർഷകർക്ക് പ്രോത്സാഹനം നൽകാനും നടപടി സ്വീകരിക്കുമോ? | സി) ജൈവരീതിയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഭക്ഷ്യവിഭവങ്ങൾ, കൃഷിയിടങ്ങളിൽ ചെന്ന് കർഷകർക്ക് ന്യായവില യഥാസമയം നൽകി, സംഭരിച്ച് ഹോർട്ടികോർപ്പ് വിപണനം നടത്തിവരുന്നു. ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിനായി ഇക്കോഷോപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. ജൈവകർഷകർക്ക് പ്രോത്സാഹനം നല്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ